# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 196      02/03/2020-ൽ മറുപടിക്ക്

## ക്യാൻസർ ചികിത്സയ്ക്കുള്ള പുതിയ സൗകര്യങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.കെ. ദാസൻ** | **കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിതാ ശിശു വികസനവും വകുപ്പുമന്ത്രി)** |
| എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സർക്കാർ മെഡിക്കൽ കോളേജുകളിൽ ക്യാൻസർ രോഗചികിത്സക്ക മാത്രമായി ഏർപ്പെടുത്തിയ പുതിയ സൗകര്യങ്ങൾ എന്തെല്ലാമെന്ന് ഓരോ മെഡിക്കൽ കോളേജിനെയും അടിസ്ഥാനപ്പെടുത്തി വിശദമാക്കാമോ; | എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സർക്കാർ മെഡിക്കൽ കോളേജുകളിൽ കാൻസർ രോഗ ചികിത്സയ്ക്ക് ഏർപ്പെടുത്തിയ പുതിയ സൗകര്യങ്ങൾ ചുവടെ ചേർക്കുന്നു.<br><br>__തിരുവനന്തപുരം മെഡിക്കൽ കോളേജ്__<br>കൃത്യതയാർന്ന റേഡിയേഷൻ നൽകുവാനും, പാർശ്വഫലങ്ങൾ കുറയ്ക്കുവാനും സാധിക്കുന്ന ആധുനിക റേഡിയേഷൻ ഉപകരണമായ ലീനിയർ ആക്സിലേറ്റർ (17.5 കോടി രൂപയുടെ പദ്ധതി) സ്ഥാപിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനം പുരോഗമിക്കുന്നു.<br><br>__ആലപ്പുഴ മെഡിക്കൽ കോളേജ്__<br>ആലപ്പുഴ മെഡിക്കൽ കോളേജിൽ കാൻസർ രോഗ ചികിത്സയ്ക്കായി റേഡിയോ തെറാപ്പി, സി.റ്റി, ലീനിയർ ആക്സിലേറ്റർ എന്നിവ സ്ഥാപിച്ചു. കൂടാതെ ടെലി കൊബാൾട്ട് മെഷീൻ സ്ഥാപിക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്.<br><br>__കോട്ടയം മെഡിക്കൽ കോളേജ്__<br>കോട്ടയം മെഡിക്കൽ കോളേജിലെ റേഡിയേഷൻ ഓങ്കോളജി വിഭാഗത്തെ ടെർഷ്യറി കാൻസർ കെയർ സെന്റർ ആയി മാറ്റുന്നതിനുള്ള ഡി.പി.ആർ തയ്യാറാക്കി വരുന്നു. രണ്ടാമത്തെ ലീനിയർ ആക്സിലേറ്റർ മെഷീനും സി.റ്റി.സിമുലേറ്റർ മെഷീനും പ്രവർത്തന സജ്ജമായിക്കൊണ്ടിരിക്കുന്നു.<br><br>__തൃശ്ശൂർ മെഡിക്കൽ കോളേജ്__<br>തൃശ്ശൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിൽ പുതിയ ലീനിയർ ആക്സിലേറ്റർ സ്ഥാപിക്കുവാനുള്ള നടപടികൾ എടുക്കുകയും അതിനു വേണ്ടതായ ബങ്കർ നിർമ്മാണം പൂർത്തീകരിച്ചു. ലീനിയർ ആക്സിലേറ്റർ തൃശ്ശൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിൽ എത്തുകയും അത് കമ്മിഷൻ ചെയ്യുവാനുള്ള നടപടികൾ പുരോഗമിക്കുകയും ചെയ്യുന്നു. പുതിയ ഒരു കൊബാൾട്ട് മെഷീൻ വാങ്ങി സ്ഥാപിക്കുവാനുള്ള നടപടികൾ കെ.എം.എസ്.സി.എൽ വഴി പുരോഗമിക്കുന്നു. ലീനിയർ ആക്സിലേറ്റർ |

| | | | |
|---|---|---|---|
| | | | പ്രവർത്തിപ്പിക്കുന്നതിനുള്ള 3 കോടി രൂപ വിലയുള്ള സി.ടി.സിമുലേറ്റർ വാങ്ങുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചു.<br><br>**<u>കോഴിക്കോട് മെഡിക്കൽ കോളേജ്</u>**<br><br>കാൻസർ രോഗ ചികിത്സയ്ക്ക് മാത്രമായി കോഴിക്കോട് മെഡിക്കൽ കോളേജിൽ ഓങ്കോളജി, സർജിക്കൽ ഓങ്കോളജി, റേഡിയോതെറാപ്പി വിഭാഗങ്ങളെ ഒരേ സമുച്ചയത്തിൽ ആക്കി. 30000 sqft-ൽ പുതുതായി ത്രിതീയ കാൻസർ കെയർ സെന്റർ സ്ഥാപിച്ചു. കൂടാതെ, ആധുനിക ചികിത്സാ സൗകര്യങ്ങളുടെ ഭാഗമായി മോഡുലർ ഓപ്പറേഷൻ തിയേറ്റർ, ലീനിയർ ആക്സിലേറ്റർ മെഷീൻ എന്നിവയും സ്പെക്ട് ഗാമ ക്യാമറയും മറ്റ് ഓങ്കോളജി ഉപകരണങ്ങളും സ്ഥാപിച്ചിട്ടുണ്ട്. |
| ബി) | ക്യാൻസർ രോഗചികിത്സാ വിഭാഗത്തിലേക്ക് മാത്രമായി എത്ര പുതിയ തസ്തികകളാണ് സൃഷ്ടിച്ചതെന്ന് വ്യക്തമാക്കാമോ; | ബി) | ഓറൽ പത്തോളജി - 1<br>പത്തോളജി - 14<br>സൈറ്റോ പത്തോളജി - 10<br>ഓങ്കോ പത്തോളജി - 30<br>സ്റ്റാഫ് നേഴ്സ് - 55<br>ആകെ - 110 തസ്തികകൾ |
| സി) | ആകെ എത്ര കോടി രൂപയുടെ വികസന പ്രവർത്തനങ്ങളാണ് ക്യാൻസർ രോഗ ചികിത്സാരംഗത്തെ മെച്ചപ്പെടുത്താൻ സർക്കാർ വിനിയോഗിച്ചതെന്ന് വ്യക്തമാക്കാമോ? | സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കാൻസർ ചികിത്സാ രംഗത്തിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി പദ്ധതി വിഹിതത്തിൽ നിന്നും 25.37 കോടി രൂപ വിനിയോഗിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ